കേരളാ കൃഷി വകുപ്പ്

<u>ദർഘാസ് പരസ്യം.</u>

നമ്പർ. എ.ഇ.(2) 375/13.

കേരളാ ഗവർണർക്കുവേണ്ടി കൊല്ലം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർതാഴെ പറയുന്ന പ്രവർത്തികൾക്കാൾക്ക് അംഗീകൃത കരാറുകാരിൽനിന്നും മത്സരസ്വഭാവമുള്ള ദർഘാസുകൾ മുദ്രവെച്ച കവറുകളിൽ ക്ഷണിച്ചുകൊള്ളുന്നു.

കവറിന്റെ പുറത്ത് പ്രവർത്തിയുടെ പേര് എഴുതിയിരിക്കേണ്ടതാണ്. ദർഘാസുകൾ 08-07-13 വൈകുന്നേരം 3.00 മണിവരെ ഈ ആഫീസിൽ സ്വീകരിക്കുന്നതും അന്നേദിവസം വൈകുന്നേരം 3-30 ന് ഹാജരുള്ള കരാറുകാരുടെയോ അവർ രേഖാമൂലം അധികാരപ്പെടുത്തുന്ന ഏജന്റുമാരുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. പ്രസ്തുത ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസം ആയിരുന്നാൽ അടുത്ത ദിവസം മുകളിൽ പറഞ്ഞ വ്യവസ്ഥയിലും സമയത്തും തുറക്കുന്നതാണ്. പ്രവർത്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രവർത്തിയുടെ പേരും അടങ്കൽ തുകയും. | നിരതദ്രവ്യം | ടെണ്ടർഫാറത്തിന്റെ വില | പണി തീർക്കേണ്ട കാലാവധി |
|---|---|---|---|---|
| 1 | കൊട്ടാരക്കര കാഷ്യൂ ഫാമിൽ മുള്ളുവേലി നിർമ്മാണവും ഗേറ്റ് സ്ഥാപിക്കലും. 1,00,000/- | 2,500 | 400 + വാറ്റ് | 1 മാസം. |
| 2 | കൊട്ടാരക്കര കാഷ്യൂ ഫാമിൽ ജലസേചന മൊരുക്കലും ഗ്രീൻഹൗസിന്റെ അറ്റകുറ്റപ്പണികളും. 1,00,000/- | 2,500 | 400+ വാറ്റ് | 1 മാസം |

ദർഘാസ് പ്രമാണം കൊല്ലം കുരീപ്പുഴയിലുള്ള കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയത്തിൽനിന്നും ദർഘാസ് ദിവസം പകൽ 1 മണി വരെ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ ആവിശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ സമർപ്പിക്കേണ്ടതും നിശ്ചിത വിൽപ്പന നികുതിയടക്കം ഈ ആഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ദർഘാസ് പ്രമാണത്തിന്റെ അധിക പകർപ്പിന് വിൽപ്പന നികുതിയടക്കം പ്രത്യേകവില അടയ്ക്കേണ്ടതാണ്. ദർഘാസ് പത്രികയുടെ വില യാതൊരു കാരണവശാലും മടക്കിക്കൊടുക്കുന്നതല്ല. ദർഘാസ് പത്രിക അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും ആയത് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ(കൃഷി) എന്ന പേരിലടച്ച് നിശ്ചിത തുകയുടെ ബാങ്ക് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. നിശ്ചിത നിരതദ്രവ്യം ഇല്ലാത്തും താമസിച്ച് ലഭിക്കുന്നതുമായ ദർഘാസുകൾ നിരസിക്കുന്നതുമാണ്. ദർഘാസിനോടൊപ്പം പ്രാഥമിക 100.00 രൂപാ മുദ്രപത്രത്തിൽ നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച് സമർപ്പിക്കേണ്ടതുമാണ്. പൊതുമരാമത്ത് വകുപ്പിൽ ദർഘാസുകളെ സംബന്ധിക്കുന്ന എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ(കൃഷി).
കൊല്ലം.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ്
എഞ്ചിനിയർ (കൃഷി)ന്റെ കാര്യാലയം.
കാവനാട്, പി.ഓ. കൊല്ലം.-3

OFFICE OF THE ASSISTANT EXECUTIVE ENGINEER
KAVANADU P.O.
KOLLAM - 3
Date